**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1616** **11-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പാടങ്ങളിൽ പമ്പ് ഹൗസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ടെവേലോപ്മെന്റ് ഫണ്ട് ) ട്രാഞ്ചെ XXIX പദ്ധതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം കോൾ പടവുകളിലാണ് പുതിയ പമ്പുകൾ സ്ഥാപിക്കുന്നതെന്നും പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്) ട്രാഞ്ചെ XXIX പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് "Installation of flood resilient and energy efficient dewatering devices in low lying rice fields in 13 Grama Panchayaths of Cherpu, Anthikkad, Puzhakkal, Mullassery, Irinjalakkuda, Wadakkanchery blocks in Thrissur district" എന്ന പദ്ധതിക്ക് 500.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലയിൽ ആകെ 16 സ്ഥലത്ത് സബ്മെഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും, 5 സ്ഥലത്ത് പറക്കുഴി/പമ്പ് ഹൗസ് നിർമ്മിക്കുന്ന പ്രവൃത്തിയും, 4 സ്ഥലത്ത് പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുവാനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി-യുടെ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 5 സബ്മെഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും രണ്ട് സ്ഥലങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്കുവാനാവശ്യമായ പറക്കുഴി, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ സിവിൽ വർക്കുകൾ ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

I – സബ്മെഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പടവുകൾ

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | കൃഷിഭവൻ | ബ്ലോക്ക് | മണ്ഡലം | എച്ച്. പി. |
|---|---|---|---|---|---|
| 1 | വടക്കെ പൊന്നോർതാഴം കോൾ പടവ്, കൊടപ്പുള്ളിത്താഴം | തോളൂർ | പുഴയ്ക്കൽ | വടക്കാഞ്ചേരി | 30 |
| 2 | മേഞ്ചിറ മാവിൻചുവട് മോട്ടോർ തറ | തോളൂർ | പുഴയ്ക്കൽ | വടക്കാഞ്ചേരി | 50 |
| 3 | പന്നിക്കരകിണി | അയ്യന്തോൾ | പുഴയ്ക്കൽ | വടക്കാഞ്ചേരി | 50 |
| 4 | മുണ്ടൂർത്താഴം കോൾ പടവ്, കോപ്പ | കൈപ്പറമ്പ് | പുഴയ്ക്കൽ | വടക്കാഞ്ചേരി | 20 |
| 5 | പേരാമംഗലം താഴം കോൾ പടവ് | കൈപ്പറമ്പ് | പുഴയ്ക്കൽ | വടക്കാഞ്ചേരി | 50 |

II – പമ്പ്സെറ്റ് സ്ഥാപിക്കുവാൻ ആവശ്യമായ പറക്കുഴി, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്ന പടവുകൾ

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | കൃഷിഭവൻ | ബ്ലോക്ക് | മണ്ഡലം | എച്ച്. പി. |
|---|---|---|---|---|---|
| 1 | വടക്കെ പൊന്നോർതാഴം കോൾ പടവ്, കൊടപ്പുള്ളിത്താഴം | തോളൂർ | പുഴയ്ക്കൽ | വടക്കാഞ്ചേരി | 30 |
| 2 | മുണ്ടൂർത്താഴം കോൾ പടവ്, കോപ്പ | കൈപ്പറമ്പ് | പുഴയ്ക്കൽ | വടക്കാഞ്ചേരി | 20 |

സെക്ഷൻ ഓഫീസർ